**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1704** **02-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി 25 ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. കൃഷിഭവന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 1.5 ലക്ഷം (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ഇലക്ട്രിക്കൽ വർക്ക് റീടെൻഡർ ചെയ്തിട്ടുണ്ട്. നിർമിതിയുടെ നേതൃത്വത്തിൽ ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ കാബിനറ്റ് സജ്ജീകരണം എന്നിവ ഫെബ്രുവരി 10 നുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതൊക്കെ കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവൻ ആയി ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും അവയുടെ പ്രൊപ്പോസൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും പുതുതായി ഏതൊക്കെ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ? | (സി) | ആലപ്പുഴ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>2016-17 - മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്<br><br>2018-19 - മാരാരിക്കുളം വടക്ക്<br><br>2022-23 - ആര്യാട്. ആര്യാട് കേരഗ്രാമത്തിന്റെ രണ്ടാം വർഷ (2023-24) പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ